**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 01.07.2015-ലെ യോഗ നടപടിക്കുറിപ്പ്**

യോഗം ഉച്ചയ്ക്ക്ശേഷം 3 മണിക്ക് ന് ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിയമസഭാ മന്ദിരത്തിലെ 624-ാം നമ്പർ ഹാളിൽ ആരംഭിച്ചു. ഗ്രാമവികസന വകുപ്പു മന്ത്രിയും സന്നിഹിതനായിരുന്നു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 24.06.2015-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.
2. **പൊതുവിഷയങ്ങൾ**

2.1 2015-16 സാമ്പത്തിക വർഷ പദ്ധതിയിൽ 1170തദ്ദേശഭരണസ്ഥാപനങ്ങൾ ആകെ 10604.11 കോടി രൂപയുടെ പ്രോജക്ടുകൾക്ക് ഡി.പി.സി.യുടെ അംഗീകാരം നേടിയതായി യോഗം നിരീക്ഷിച്ചു. ഇതിൽ 969 ഗ്രാമപഞ്ചായത്തുകൾ 6577.15 കോടി രൂപയുടെ പ്രോജക്ടുകൾക്കും, 138 ബ്ലോക്ക് പഞ്ചായത്തുകൾ 1618.10 കോടി രൂപയുടെയും, 10 ജില്ലാ പഞ്ചായത്തുകൾ 1206.91 കോടി രൂപയുടെയും, 52 മുനിസിപ്പാലിറ്റികൾ 1050.18 കോടി രൂപയുടെയും ഒരു മുനിസിപ്പൽ കോർപ്പറേഷൻ 15.17 കോടി രൂപയുടെയും പ്രോജക്ടുകൾക്കാണ് അംഗീകാരം നേടിയത്.

2.2 ഇ- ടെണ്ടറുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതി 24.06.2015-ൽ രണ്ട് ഉത്തരവുകൾ പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ രണ്ടു കേസുകളിലെയും (wp(c) No.15444/2015E, wp(c) No.18954/2015 പരാതിക്കാരെ രണ്ടുപേരെയും 07.07.2015-ൽ കേൾക്കുന്നതിന് നോട്ടീസ് അയയ്ക്കുന്നതിന് ഇന്നു തന്നെ നടപടി സ്വീകരിക്കാൻ യോഗം തദ്ദേശസ്വയംഭരണ വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

17.06.2015-ലെ കോഓർഡിനേഷൻ കമ്മിറ്റി ഇതിനായി രൂപീകരിച്ച സബ്കമ്മിറ്റി തന്നെ പരാതിക്കാരെ കേൾക്കണമെന്നും പ്രസ്തുത സബ്കമ്മിറ്റിയിൽ ഉൾപ്പെട്ടിരുന്ന ധനകാര്യ വകുപ്പിന്റെ പ്രതിനിധി ആയിരുന്ന ശ്രീ.ഇ.കെ. പ്രകാശിന് പകരമായി ശ്രീ.പി.എം. മനോജ് കുമാറിനെ പ്രസ്തുത സബ് കമ്മിറ്റിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു.

2.3 പട്ടികജാതി/പട്ടികവർഗ കുടുംബങ്ങൾക്ക് 500 ലിറ്റർ ശേഷി വരെയുള്ള ജലസംഭരണ ടാങ്കുകൾ പരമാവധി യൂണിറ്റ് കോസ്റ്റ് 2000 രൂപ വരെ 75% സബ്സി ഡിയോടെ വിതരണം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തുകളെ അനുവദിച്ചു തീരുമാനിച്ചു.

2.4 ബ്ലോക്ക് പഞ്ചായത്തുകൾക്ക് 2010-11 സാമ്പത്തിക വർഷം നൽകിയ റോഡ് പുനരുദ്ധാരണ ഫണ്ടിൽ മിച്ചം വന്ന തുക ഉപയോഗിച്ച് സർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമായി റോഡ് പണികൾ ഏറ്റെടുക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തുകളെ അനുവദിച്ച് തീരുമാനിച്ചു.

2.5 ജൈവ പച്ചക്കറിക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഗ്രോ ബാഗ് ഒന്നിന് യൂണിറ്റ് കോസ്റ്റ് 80 രൂപ നിരക്കിൽ 75% സബ്സിഡി നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളെ അനുവദിച്ച് തീരുമാനിച്ചു. കൃഷി വകുപ്പ് നടപ്പിലാക്കുന്ന മാതൃകയിൽ കൃഷി വകുപ്പിൽ നിന്ന് സബ്സിഡി ലഭിക്കാത്ത കർഷകർക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് സബ്സിഡി നൽകുന്നതിനും അനുവദിച്ചു.

**3 പ്രത്യേക വിഷയങ്ങൾ**

**3.1 കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് (ഫയൽ നം. ഡി.എ2/268/15)**

പൊതുവിഷയം 2.3 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 പെരുവയൽ ഗ്രാമപഞ്ചായത്ത് (ഫയൽ നം. ഡി.എ2/289/15)**

വൈ.ഫൈ സംവിധാനം ഏർപ്പെടുത്തുന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട വിഷയമല്ലാത്തതിനാൽ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 3 നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് (ഫയൽ നം.ആർ.സി.1/29/15)**

ട്രൈബൽ ഹോസ്റ്റലിന് സ്ഥലം വാങ്ങി നൽകുന്നതിന് അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 4 കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. ഡി.ഡി.2 /231/15)**

ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ 25.06.2015–ലെ തീരുമാനം പരിഗണിക്കുന്നത് സംബന്ധിച്ച് ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 അഴുത ബ്ലോക്ക് പഞ്ചായത്ത് ( ഡി.ഡി2/218/15)**

വിളക്കുകൾ സ്ഥാപിക്കുന്നത് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതല അല്ലാത്തതിനാൽ ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 പൊതുഭരണ സൈനിക ക്ഷേമ വകുപ്പിന്റെ കുറിപ്പ് ( ഡി.എ1/73/15)**

വിമുക്തഭടന്മാർക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച് സൈനികക്ഷേമ വകുപ്പിന്റെ കുറിപ്പിന്മേൽ ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ട് ലഭ്യമാക്കിയശേഷം പരിഗണിക്കാൻ മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 തൃശൂർ ജില്ലാ പഞ്ചായത്ത് (ബഹു. സഹകരണ വകുപ്പു മന്ത്രി മുഖേന) (ഫയൽ നം. ഡി.ബി.3/184/15)**

ജില്ലാ പഞ്ചായത്തിൽ നിന്നും നൽകുന്ന ധനസഹായം പാരമ്പര്യ കലോത്സവങ്ങൾ, ഫിലിം ഫെസ്റ്റുവലുകൾ എന്നിവയ്ക്കായി പരിമിതപ്പെടുത്തുവാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 തൃശൂർ ജില്ലാ പഞ്ചായത്ത്**

തെരുവുവിളക്കുകൾ സ്ഥാപിക്കുന്നത് ജില്ലാ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് എന്നിവരുടെ ഉത്തരവാദിത്തം അല്ലാത്തതിനാൽ അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 കോട്ടയം ജില്ലാ പഞ്ചായത്ത്**

രണ്ടു സ്ക്കൂളുകൾക്ക് ബസ് വാങ്ങി നൽകുന്നത് സംബന്ധിച്ച് വകുപ്പു തലത്തിൽ തീരുമാനിക്കാൻ 18.03.2015–ലെ കോഓർഡിനേഷൻ കമ്മിറ്റിയോഗം നിർദ്ദേശിച്ചതനുസരിച്ച് നടപടിയെടുക്കാൻ ആവശ്യപ്പെട്ടു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 അവിണിശ്ശേരി ഗ്രാമപഞ്ചായത്ത്**

വനിത വ്യവസായ കേന്ദ്രത്തിലേയ്ക്ക് ആവശ്യമായ തറികൾ ഖാദി ബോർഡിൽ ലഭ്യമല്ലാത്ത സാഹചര്യത്തിൽ അവിണിശ്ശേരിയിലെ കേരള ഖാദി വില്ലേജ് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങാൻ അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 കൊല്ലം ജില്ലാ പഞ്ചായത്ത് (ഫയൽ നം. ഡി.ബി.3/253/15/തസ്വഭവ)**

വനിത ക്ഷീര കർഷകർക്ക് കറവപശു വാങ്ങുന്നതിന് പലിശ രഹിത വായ്പ അനുവദിക്കുന്നതിന് റിവോൾവിംഗ് ഫണ്ട് നൽകുന്ന പദ്ധതി അംഗീകരിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 പറവൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. ഡി.ഡി.2/235/15/തസ്വഭവ)**

പൊതു വിഷയങ്ങൾ 2.4 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 മാട്ടൂൽ ഗ്രാമപഞ്ചായത്ത് (ഫയൽ നം. ഡി.എ1/80/15/തസ്വഭവ)**

മത്സ്യ ബന്ധന തൊഴിലാളികൾക്ക് ആവശ്യമായ വല മത്സ്യ ഫെഡിന്റെ വ്യാസ സ്റ്റോറിൽ ലഭ്യമല്ലെന്ന റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പുറമെ നിന്നും വാങ്ങുന്നതിനും മത്സ്യ തൊഴിലാളി വിഭാഗത്തിലെ സ്ക്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകണമെന്ന ആവശ്യം അംഗീകൃത മത്സ്യ തൊഴിലാളികളുടെ വിദ്യാർത്ഥികൾക്കാണെന്ന വ്യവസ്ഥയിന്മേൽ അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 ഏഴിക്കര ഗ്രാമപഞ്ചായത്ത് (ഫയൽ നം. ഡി.എ2/32/15/തസ്വഭവ)**

ഗ്രാമപഞ്ചായത്തിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മത്സ്യതൊഴിലാളികൾക്ക് ഉൾനാടൻ മേഖലയിൽ മത്സ്യബന്ധനത്തിന് ആവശ്യമായ ഗിൽനെറ്റ് വാങ്ങി വിതരണം ചെയ്യാൻ അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് – ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ട് (ഫയൽ നം. 50868/ഡി.എ2/14/തസ്വഭവ)**

സൗരോർജ വിളക്കുകളും ഹൈമാസ്റ്റ് വിളക്കുകളും ബ്ലോക്കുകളിൽ സ്ഥാപിച്ചത് സംബന്ധിച്ചുള്ള ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ട് കോഓർഡിനേഷൻ കമ്മിറ്റി ചർച്ച ചെയ്തു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 രാമമംഗലം ഗ്രാമപഞ്ചായത്ത് (ഫയൽ നം. ഡി.എ2/319/15/തസ്വഭവ)**

പൊതു തീരുമാനം 2.5 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 പുന്നപ്ര –തെക്ക് ഗ്രാമപഞ്ചായത്ത്**

പൊതു തീരുമാനം 2.5 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 മേലുകാവ് ഗ്രാമപഞ്ചായത്ത്**

പൊതുവിഷയം 2.3 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.1 9 റാന്നി ബ്ലോക്ക് പഞ്ചായത്ത്**

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ അംഗനവാടിയിലെ കുട്ടികൾക്ക് ബേബി ബെഡുകൾ വാങ്ങി നൽകണമെന്ന ആവശ്യം കയർഫെഡിൽ നിന്നും വാങ്ങണമെന്ന വ്യവസ്ഥയിൽ അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 കേരള പഞ്ചായത്ത് അസോസിയേഷൻ – ഇടുക്കി ജില്ല പ്രസിഡന്റിന്റെ കത്ത് (ഫയൽ നം. 62499/ഡി.ബി.1/14/തസ്വഭവ)**

ജവഹർ ഭവന പദ്ധതിക്ക് വായ്പയെടുക്കുന്നതിന്റെ തിരിച്ചടവ് 30% ആയി വർദ്ധിപ്പിക്കണമെന്ന ആവശ്യത്തിന്മേൽ നിലവിലെ വ്യവസ്ഥ പ്രകാരം 15% പദ്ധതി വിഹിതത്തിൽ നിന്നും അധികമായി വരുന്ന തുക തനത് ഫണ്ടിൽ നിന്നും ഉപയോഗിക്കുന്നതിന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ഓഫീസറുടെ കത്ത് (ബഹു. നിയമ സഭാ സ്പീക്കർ മുഖേന)**

കാട്ടാക്കടയിൽ അനുവദിച്ചിട്ടുള്ള ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിലേയ്ക്ക് ഒരു ജീപ്പും ജീവൻ രക്ഷാ ഉപകരണങ്ങളും വാങ്ങി നൽകുന്നതിന് തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ട് ഉപയോഗിക്കുന്നതിന് അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം ഉച്ചയ്ക്ക്ശേഷം 4 മണിക്ക് അവസാനിച്ചു.)

**അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം 08.07.2015–ന് ഉച്ചകഴിഞ്ഞ് 2.30 മണിക്ക് ബഹു. പഞ്ചായത്ത് വകുപ്പു മന്ത്രിയുടെ അസംബ്ലി ചേംബറിൽ കൂടുന്നതാണ്.**